പങ്കെടുക്കാറില്ല. ഇന്റർവ്യൂവിൽ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ വിസ, മറ്റു യാത്രാ രേഖകൾ, അതാതു എംബസി മുഖേന ഒ.ഡി.ഇ.പി.സി. ശരിയാക്കി വിദേശ തൊഴിൽ ദാതാവ് ആവശ്യപ്പെടുന്ന സമയത്തിനുള്ളിൽ അയയ്ക്കുന്നു. അതിനുള്ള ഏറ്റവും കുറഞ്ഞ സർവ്വീസ് ചാർജ്ജ് മാത്രമേ ഉദ്യോഗാർത്ഥിയിൽ നിന്നും ഈടാക്കുന്നുള്ളൂ.

(ഡി) ഉണ്ട്. ഒഡേപെക്കിന്റെ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റു വഴി എല്ലാ പ്രമുഖ പത്രങ്ങളിലും തൊഴിലവസരങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്.

(ഇ) പ്രത്യേക തരത്തിലുള്ള ആരോപണം ലഭിച്ചിട്ടില്ല.

(എഫ്) ഇല്ല.

തൊഴിലില്ലായ്മ വേതനത്തിനുള്ള മാനദണ്ഡങ്ങൾ

123 (2035) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ വേതനത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം അവസാനമായി വിതരണം ചെയ്തതെന്നാണ് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. പ്രായം 18 നും 35 നും മദ്ധ്യേ.
2. എസ്.എസ്.എൽ.സി. പാസ്സായിരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ-വികലാംഗ അപേക്ഷകർക്ക് എസ്. എസ്. എൽ. സി. പാസ്സാകണമെന്നില്ല. പരീക്ഷയ്ക്ക് ഹാജരായാൽ മതി.
3. വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാൻ പാടില്ല.
4. 18 വയസ്സിനുശേഷം തുടർച്ചയായി 3 കൊല്ലം തൊഴിൽ ലഭിക്കാതെ എമ്പ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ നിലനിറുത്തുന്നവരായിരിക്കണം.
5. വിദ്യാർത്ഥികൾ അപേക്ഷിക്കാൻ പാടില്ല (6 മാസംവരെ ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകൾ ഒഴിവാക്കിയിട്ടുണ്ട്)
6. വികലാംഗർക്ക് 18 വയസ്സിനുശേഷം തുടർച്ചയായി രണ്ടുവർഷത്തെ സീനിയോറിറ്റി മതിയാകും.

LIBRARY ARCHIVES Kerala Legislative Assembly

7. പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമില്ലാത്ത തൊഴിൽ രഹിതരായിരിക്കണം.

8. എപ്ലോയിമെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കിയിരിക്കണം.

(ബി) നിലവിലുള്ള വ്യവസ്ഥകൾ കാലാനുസൃതമായി 28-5-1998 ലെ ജി. ഒ. (പി) 23/98/തൊഴിൽ പ്രകാരം പരിഷ്ക്കരിച്ചതാണ്. .

(സി) 1999 ഫെബ്രുവരി-മാർച്ച് മാസങ്ങളിലാണ് അവസാനമായി തൊഴിൽരഹിത വേതനം വിതരണം ചെയ്തത്.

ബാലവേല

124 (2036) ശ്രീ. എ. കണാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹോട്ടലുകളിലും മറ്റും കൊച്ചുകുട്ടികളെക്കൊണ്ട് കഠിനാധ്വാനം ചെയ്യിച്ച് പീഡിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ശക്തമായ നിയമങ്ങൾ ഉണ്ടായിട്ടും ഇത് തടയുവാൻ കഴിയാത്തതെന്തുകൊണ്ട് ;

(സി) വിശദീകരിക്കാമോ ?

ഉത്തരം

(എ) ഹോട്ടലുകളിലും മറ്റു ചിലസ്ഥലങ്ങളിലും കുട്ടികൾ പണിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കഠിനാധ്വാനം ചെയ്യിച്ച് പീഡിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ഹോട്ടലുകളിലും അപകടരഹിതമായ മറ്റു സ്ഥാപനങ്ങളിലും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് നിയമാനുസരണം നിരോധിച്ചിട്ടില്ല. എന്നാൽ ഇവരെക്കൊണ്ട് പണിയെടുപ്പിക്കാവുന്ന പരമാവധിസമയം, അവധി നൽകൽ, വിശ്രമസമയം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക നിയന്ത്രണങ്ങൾ നിയമത്തിൽ അനുശാസിക്കുന്നുണ്ട്. 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) ആക്റ്റ് പ്രകാരമുള്ള ഇൻസ്പെക്ടർമാർ ഈ നിയമം അനുസരിച്ചുള്ള പരിശോധനകൾ നടത്തുന്നുണ്ട്. തെളിവുകളുടെ അഭാവവും നിയമത്തിലുള്ള പഴുതുകളും മറ്റും നിയമപരമായ നടപടികൾ കൈക്കൊള്ളുവാൻ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. എന്നാൽ നിയമാനുസരണമല്ലാത്ത സാഹചര്യങ്ങളിൽ കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് കർശനമായി തടയാൻ ഇൻസ്പെക്ടർമാരുടെ പരിശോധനാ നടപടികൾ വഴി കഴിഞ്ഞിട്ടുണ്ട്. ബാലവേല പൂർണ്ണമായും തടയുവാൻ നിയമത്തിലെ പഴുതുകൾ അടച്ച് പുതിയ നിയമ നിർമ്മാണം നടത്തുവാൻ സർക്കാർ ആലോചിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly